**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2719** **24-06-2024 - ൽ മറുപടിയ്ക്ക്**

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | പി.എസ്.സി. 21.10.2021-ൽ പ്രസിദ്ധീകരിച്ച സഹകരണ വകുപ്പ് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; | (എ) | പി.എസ്.സി. 21.10.2021 -ൽ പ്രസിദ്ധീകരിച്ച ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്ന് 07.05.2024 തീയതി വരെ നേരിട്ടുള്ള നിയമനം മുഖേന 356 പേർക്കും 20.10.2021 -ൽ പ്രസിദ്ധീകരിച്ച വി.ഇ.ഒ. -മാരിൽ നിന്നുള്ള ബൈടാൻസ്ഫർ റാങ്ക് ലിസ്റ്റിൽ നിന്ന് ബൈടാൻസ്ഫർ നിയമനം മുഖേന 175 പേർക്കും ഉൾപ്പെടെ ആകെ 531 പേർക്ക് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | വിരമിക്കൽ മുഖേനയുള്ള എല്ലാ ഒഴിവുകളും മുൻകൂറായി പി.എസ്.സി. -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ 17 ഒഴിവുകൾ ടി തസ്തികയിലുണ്ട്. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | 20.10.2024 തീയതി വരെയാണ് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി. |

സെക്ഷൻ ഓഫീസർ